بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 11.12.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-3)

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَۙ ۝ الرَّحۡمٰنِ الرَّحِيۡمِۙ ۝ مٰلِكِ يَوۡمِ الدِّيۡنِؕ ۝ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُؕ ۝

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَۙ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ۬ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

തശഹ്ഹുദും തഅവ്വുദും സുറ: ഫാതിഹയും ഓതിയതിനു ശേഷം ഹുസൂർ (അയ്യദഹുല്ലാഹ്) പറഞ്ഞു:

ഹദ്റത്ത് അലി(റ)നെ സംബന്ധിച്ച വിവരണമാണ് നടന്നുവരുന്നത്. ഉഹദ് യുദ്ധാവസരത്തിൽ ഹദ്റത്ത് മുസ്അബ് ശഹീദാക്കപ്പെട്ടപ്പോൾ റസൂലുല്ലാഹ്(സ) ഹദ്റത്ത് അലിയെ പതാക ഏൽപ്പിച്ചു. തുടർന്ന് അലിയും മറ്റു മുസ്‌ലിംകളും പൊരുതുകയുണ്ടായി.

ഒരു നിവേദനത്തിൽവരുന്നു, ഉഹദ് യുദ്ധാവസരത്തിൽ, മുശ്‌രിക്കീംകളുടെ ധ്വജവാഹകൻ ത്വൽഹ ബിൻ അബൂത്വൽഹ, ഹദ്റത്ത് അലിയെ വെല്ലുവിളിച്ചു. ഹദ്റത്ത് അലി അയാളെ വെട്ടിയതോടു കൂടി അയാൾ നിലംപൊത്തി കിടന്നു പിടക്കാൻ തുടങ്ങി. ഹദ്റത്ത് അലി ഒന്നൊന്നായി നിഷേധികളുടെ പതാകവാഹകരെ വാളിനിരയാക്കി. തുടർന്ന് അവരെല്ലാം ചിതറിപ്പിരിഞ്ഞു. പിന്നെ ഹദ്റത്ത് അലി, ശിഅബ ബിൻ മാലികിനെ വധിച്ചു. അപ്പോൾ ഹദ്റത്ത് ജിബ്‌രീൽ പറഞ്ഞു: യാ റസൂലല്ലാഹ്! തീർച്ചയായും ഇദ്ദേഹം സഹാനുഭൂതിക്ക് അർഹനാകുന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: അതേ, അലി എന്നിൽ നിന്നും ഞാൻ അലിയിൽ നിന്നുമാകുന്നു. ആ സന്ദർഭത്തിൽ ജിബ്‌രീൽ പറഞ്ഞു: ഞാൻ നിങ്ങൾ രണ്ടുപേരിൽ നിന്നുമുള്ളവനാകുന്നു. ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു: ഉഹദ് യുദ്ധത്തിൽ, റസൂലുല്ലാഹ്(സ)ന്റെ അടുക്കൽനിന്ന് ജനങ്ങൾ മാറിയപ്പോൾ, ഞാൻ ശുഹദാക്കൾക്കിടയിൽ തിരയാൻ തുടങ്ങി. പക്ഷേ അവരിലും തിരുനബി(സ)നെ കണ്ടെത്താൻ കഴിഞ്ഞില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവാണ! റസൂലുല്ലാഹ്(സ) ഓടിപ്പോകുന്ന ആളല്ല. ഞാൻ തിരുനബി(സ)നെ ശുഹദാക്കളിലും കണ്ടില്ല. എന്നാൽ അല്ലാഹു നമ്മോട് നീരസത്തിലാണുള്ളത്. അങ്ങനെ അല്ലാഹുതന്നെ നബിയെ ഉയർത്തിക്കൊണ്ടുപോയിരിക്കുന്നു. ആയതിനാൽ യുദ്ധം ചെയ്തു വധിക്കപ്പെടുന്നതാണ് എനിക്ക് അഭികാമ്യം. അങ്ങനെ ഞാൻ വാളിന്റെ ഉറ പൊളിക്കുകയും ശത്രുനിരയെ ആക്രമിക്കുകയുംചെയ്തു. അവർ പല ഭാഗത്തേക്കും ചിന്നിച്ചിതറി. അപ്പോൾ ഞാൻ അവർക്കിടയിൽ തിരുനബി(സ) നിൽക്കുന്നതാണ് കണ്ടത്. ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ സ്നേഹത്തിന്റെയും കൂറിന്റെയും കഥ ചെറുപ്പകാലം മുതൽ ആരംഭിച്ചതാണ്. പിന്നെ എല്ലാ സന്ദർഭത്തിലും അത് ജ്യോതിസ് കാണിച്ചുകൊണ്ടിരുന്നു.

ഉഹ്ദ് യുദ്ധത്തിൽ തിരുനബി(സ)ന് പരിക്ക് പറ്റിയിരുന്നു. ഇതു സംബന്ധിച്ച് ഹദ്റത്ത് സഹ്ൽ ബിൻ സഅദ് പറയുന്നു: റസൂലുല്ലാഹ്(സ)ന്റെ മകൾ ഹദ്റത്ത് ഫാത്വിമ മുറിവുകൾ കഴുകുകയായിരുന്നു. ഹദ്റത്ത് അലി പരിക്കിന് മുകളിൽ വെള്ളം ഒഴിച്ച് കൊണ്ടിരുന്നു.

ഖന്തക്ക് യുദ്ധാവസരത്തിൽ ഹദ്റത്ത് അലിയുടെ ധീരത വെളിവാകുന്ന സംഭവത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: അംറ് അറിയപ്പെടുന്ന വാൾപ്പയറ്റുകാരനായിരുന്നു. അയാളുടെ ധൈര്യം കാരണം അയാളെ 1000 യോദ്ധാക്കൾക്ക് സമാനനാണെന്ന് ഗണിച്ചിരുന്നു. ഇയാൾ രണാങ്കണത്തിൽ വന്ന ഉടൻ തന്നെ വളരെ ഗർവിഷ്ഠനായി എതിരാളികളെ തേടുകയായിരുന്നു. ആരെങ്കിലും തനിക്കെതിരെ പോരാടാൻ ഉണ്ടോ എന്ന് അയാൾ വിളിച്ചുചോദിച്ചു. ചില സഹാബാക്കൾ അയാളെ നേരിടുന്നതിൽ വൈക്ലബ്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ തിരുനബി(സ)ന്റെ അനുമതിയോടെ, ഹദ്റത്ത് അലി അയാളെ നേരിടാൻ മുന്നോട്ടു ഗമിച്ചു. തിരുനബി(സ) തന്റെ വാൾ അദ്ദേഹത്തിനു നൽകി. അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്തു. ഹദ്റത്ത് അലി മുന്നോട്ടു കുതിച്ചു കൊണ്ട് അംറിനോട് പറഞ്ഞു: ഖുറയ്ശികളിൽ ആരെങ്കിലും നിങ്ങളോട് രണ്ടു കാര്യങ്ങൾ ആവശ്യപ്പെട്ടാൽ അതിൽ ഒന്ന് തീർച്ചയായും നിങ്ങൾ അംഗീകരിക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. അംറ് പറഞ്ഞു: അതേ. ഹദ്റത്ത് അലി പറഞ്ഞു: അങ്ങനെയാണെങ്കിൽ ഞാൻ ആദ്യം നിങ്ങളോട് പറയട്ടെ, മുസ്‌ലിമാകൂ! തിരുനബി(സ)നെ അംഗീകരിച്ചുകൊണ്ട് ദൈവിക അനുഗ്ര

ഹങ്ങൾക്ക് അവകാശിയാകൂ! അംറ് പറഞ്ഞു: അത് സാധ്യമല്ല. ഹദ്റത്ത് അലി പറഞ്ഞു: ഇത് സ്വീകാര്യമല്ലെങ്കിൽ വരൂ! എന്നോട് പോരാടാൻ തയ്യാറായി കൊള്ളുക. അപ്പോൾ അംറ് ചിരിച്ചുകൊണ്ട് പറഞ്ഞു: എന്നോട് ആർക്കെങ്കിലും ഇങ്ങനെ പറയാൻ കഴിയുമെന്ന് ഞാൻ ധരിച്ചിരുന്നില്ല. തുടർന്ന് അയാൾ ഹദ്റത്ത് അലിയുടെ പേരും വംശാവലിയും ചോദിച്ചറിഞ്ഞു. അത് പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: സഹോദരപുത്രാ! നീ ഇപ്പോൾ കുട്ടിയാണ്. ഞാൻ നിന്റെ രക്തം വീഴ്ത്താൻ ആഗ്രഹിക്കുന്നില്ല. നിങ്ങളിലെ വലിയവരെ ആരെയെങ്കിലും പറഞ്ഞയക്കൂ! അപ്പോൾ മറുപടിയായി ഹദ്റത്ത് അലി പറഞ്ഞു: നിങ്ങൾ എന്റെ രക്തം വീഴ്ത്താൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ എനിക്ക് നിങ്ങളുടെ രക്തം വീഴ്ത്തുന്നതിൽ യാതൊരു അമാന്തവുമില്ല. അപ്പോൾ അംറ് ആവേശത്താൽ അന്ധനായിക്കൊണ്ട് കുതിരപ്പുറത്ത് നിന്ന് ചാടിയിറങ്ങി. അതിന്റെ കുളമ്പ് വെട്ടിമാറ്റി അതിനെ വീഴ്ത്തി. അങ്ങനെ തിരിച്ചു പോകാനുള്ള വഴികളെല്ലാം കൊട്ടിയടച്ചു. തുടർന്ന് ആളിക്കത്തുന്ന അഗ്നി കണക്കെ ഹദ്റത്ത് അലിയുടെ നേർക്ക് കുതിച്ചു. അങ്ങനെ ശക്തമായി അലിയെ ആക്രമിച്ചു. അദ്ദേഹത്തിന്റെ പരിച പൊളിച്ചു. അത് അദ്ദേഹത്തിന്റെ നെറ്റിയിൽ കൊണ്ടു. അദ്ദേഹത്തിന്റെ നെറ്റിയിൽ പരിക്കേൽപ്പിച്ചു. പക്ഷേ ഹദ്റത്ത് അലി ഉടൻ തന്നെ അല്ലാഹു അക്ബർ എന്ന് വിളിച്ചുകൊണ്ട് അയാളെ തിരിച്ച് ആക്രമിച്ചു. അയാൾ സ്വയം പ്രതിരോധിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് അലിയുടെ വാൾ, അയാളുടെ തോൾ ഛേദിച്ചുകൊണ്ട് താഴെക്കിറങ്ങി. അംറ് വെപ്രാളപ്പെട്ട് വീഴുകയും കൊല്ലപ്പെടുകയും ചെയ്തു.

ഹുദയ്ബിയാ സന്ധിയുടെ സദസ്സിൽ ഹദ്റത്ത് അലിയെ സന്ധിനിർദേശങ്ങൾ എഴുതാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതിൽ മുഹമ്മദ് റസൂലുല്ലാഹ്(സ)ഉം അദ്ദേഹത്തിന്റെ അനുയായികളും മക്കാമൂപ്പന്മാരുമായി ഉണ്ടാക്കുന്ന ഉടമ്പടി എന്ന് എഴുതി തുടങ്ങിയതാണ്. അപ്പോൾ നിഷേധികൾ കോപാകുലരായി പറഞ്ഞു: ഞങ്ങൾക്ക് ഈ വാക്കുകൾ സഹിക്കാൻ കഴിയില്ല. കാരണം ഞങ്ങൾക്ക് മുഹമ്മദ് റസൂലുല്ലാഹ്‌യെ അറിയില്ല. ഞങ്ങൾ അത് അംഗീകരിക്കുന്നുവെങ്കിൽ അദ്ദേഹവുമായി പിന്നെ ഞങ്ങൾ യുദ്ധം ചെയ്യേണ്ട കാര്യമെന്താണ്? തിരുനബി(സ) പറഞ്ഞു: അവർ പറയുന്നത് ശരിയാണ്. റസൂലുല്ലാഹ് എന്ന പദം വെട്ടേണ്ടതാണ്. തിരുനബി(സ) പറഞ്ഞു: അലീ! ആ പദം മായ്ച്ചു കളയൂ! എന്നാൽ അനുസരണയിലും അനുഭാവത്തിലും ഉന്നതമായ മാതൃകക്ക് ഉടമയായ അലിയുടെ ഹൃദയവും ആ സമയത്ത് വിറകൊള്ളുകയും കണ്ണുകൾ അശ്രു പൊഴിക്കുകയുമായിരുന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഈ പദം എനിക്ക് മായ്ക്കാൻ കഴിയുന്നില്ല. തിരുനബി(സ) പറഞ്ഞു: തരൂ! എനിക്ക് കടലാസ് തരൂ! അങ്ങനെ ആ കടലാസ് വാങ്ങി. റസൂലുല്ലാഹ് എന്ന പദം തിരുനബി(സ) തന്റെ കൈകൊണ്ട് മായ്ച്ചു കളഞ്ഞു.

ഖയ്ബർ യുദ്ധസമയത്ത്, ഖയ്ബറിന്റെ നേതാവ് മർഹബ്, തന്റെ വാൾ ചുഴറ്റിക്കൊണ്ട് ഇറങ്ങി പറഞ്ഞു: തീപാറുന്ന പോരാട്ടത്തിൽ, ആയുധധാരിയായ മർഹബ്, യോദ്ധാവും യുദ്ധനിപുണനുമാണെന്ന് ഖയ്ബറിനറിയാം. ആ സമയത്ത് ഹദ്റത്ത് അലിയുടെ കണ്ണിന് സുഖമില്ലായിരുന്നു. തിരുനബി(സ) പറഞ്ഞു: ഞാൻ ഈ പതാക ഏൽപ്പിക്കുന്ന ആൾ, അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്ന ആളാകുന്നു. അല്ലെങ്കിൽ അല്ലാഹുവും റസൂലും അദ്ദേഹത്തെ സ്നേഹിക്കുന്നു. തിരുനബി(സ) അദ്ദേഹത്തിന്റെ കണ്ണുകളിൽ ഉമിനീർ തേച്ചപ്പോൾ അസുഖംമാറി. തിരുനബി(സ) അദ്ദേഹത്തിന് പതാക നൽകി. മർഹബ് ഇറങ്ങി പറഞ്ഞു: ഞാൻ മർഹബ്, ആയുധധാരിയായ, യുദ്ധനൈപുണ്യമുള്ള ഞാൻ, ആരാണെന്ന് ഖയ്ബറിന് നല്ലതുപോലെ അറിയാം. ഹദ്റത്ത്അലി പറഞ്ഞു: എന്റെ ഉമ്മ എന്റെ പേര് ഹൈദർ എന്നാണ് വെച്ചത്. അത് വനാന്തരങ്ങളിലെ ഭയാനക രൂപമുള്ള സിംഹത്തെപ്പോലെയാകുന്നു. ഹദ്റത്ത് അലി, മിർഹബിന്റെ തലയിൽ പരിക്കേൽപ്പിച്ചു. വധിച്ചു. തുടർന്ന് ഹദ്റത്ത് അലിയുടെ കൈകളാൽ ആ പ്രദേശം ജയിച്ചടക്കി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ഹദ്റത്ത് അലിയുടെ ഒരു സംഭവം വിശ്വാസവർദ്ധനവിന് ഏറെ സഹായകമാണ്. ഖയ്ബർ യുദ്ധത്തിൽ ഒരു വലിയ യഹൂദ ജർണൽ ഉണ്ടായിരുന്നു. നീണ്ട നേരം അയാളുമായി യുദ്ധം നടന്നു. അവസാനം ഹദ്റത്ത് അലി, അയാളെ കീഴ്പ്പെടുത്തുകയും അയാളുടെ നെഞ്ചിൽ ഇരിക്കുകയും ചെയ്തു. വാൾകൊണ്ട് അയാളുടെ ഗളച്ഛേദം ചെയ്യാൻ ആഗ്രഹിച്ചു. ഇത്രയും ആയപ്പോഴേക്കും ആ യഹൂദി, ഹദ്റത്ത് അലിയുടെ മുഖത്തേക്ക് തുപ്പി. അപ്പോൾ ഹദ്റത്ത് അലി അയാളെ വിട്ടു എഴുന്നേറ്റു. ആ യഹൂദി ഏറെ അത്ഭുതപ്പെട്ടു. അയാൾ ചോദിച്ചു: താങ്കൾ എന്തുകൊണ്ടാണ് എന്നെ വിട്ടുമാറിപ്പോയത്? അദ്ദേഹം പറഞ്ഞു: ഞാൻ നിനക്കെതിരിൽ അല്ലാഹുവിനു വേണ്ടി ദൈവപ്രീതി നേടാൻ യുദ്ധം ചെയ്യുകയായിരുന്നു. എന്നാൽ നീ എന്റെ മുഖത്തു തുപ്പിയപ്പോൾ എനിക്ക് ദേഷ്യം വരികയുണ്ടായി. ഇനി ഞാൻ നിന്നെ വധിച്ചാൽ അത് എനിക്ക് വേണ്ടി ആയിരിക്കും. അല്ലാഹുവിന് വേണ്ടിയായിരിക്കുകയില്ല. അതു കൊണ്ട് ദേഷ്യം തണുക്കാൻ ആണ് ഞാൻ നിന്നെ വെറുതെ വിട്ടത്. നിന്നെ വധിക്കുന്നത് എനിക്ക് വേണ്ടിയാകരുത്. ഇത് എത്ര മഹത്വമേറിയ കാര്യമാകുന്നു.

ഹുനയ്ൻ യുദ്ധം ഹിജ്റ 8-ാം വർഷം ശവ്വാൽ മാസത്തിലാണുണ്ടായത്. ആ അവസരത്തിൽ മുഹാജിരീംകളുടെ പതാക ഹദ്റത്ത് അലിയുടെ പക്കലായി

രുന്നു. അപ്പോൾ രൂക്ഷമായ യുദ്ധമുണ്ടായി. കാഫരീംകളുടെ ആക്രമണം കാരണം തിരുനബി(സ)ന്റെ അടുക്കൽ ഏതാനും സ്വഹാബാക്കൾ മാത്രമായി. അവരിൽ ഹദ്റത്ത് അലിയും ഉണ്ടായിരുന്നു.

തബൂക്ക് യുദ്ധം ഹിജ്റി ഒമ്പതാം വർഷം റജബ് മാസത്തിലാണ് ഉണ്ടായത്. ഇതു സംബന്ധിച്ച നിവേദനത്തിൽ പറയുന്നു; റസൂലുല്ലാഹ്(സ) തബൂക്കിലേക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് അലിയെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു. ഹദ്റത്ത്അലി പറഞ്ഞു: അങ്ങ് എന്നെ കുട്ടികൾക്കും സ്ത്രീകൾക്കുമിടയിൽ വിട്ടുപോവുകയാണോ? തിരുനബി(സ) ചോദിച്ചു: നിന്റെ സ്ഥാനം എന്റെ പക്കൽ ഹാറൂന് മൂസയുടെ പക്കൽ ഉണ്ടായിരുന്നതാണ് എന്ന കാര്യത്തിൽ നിനക്ക് സന്തോഷമില്ലേ? എന്നാൽ എനിക്കു ശേഷം നബിയില്ല.

ഹിജ്റി 10 ന് തിരുനബി(സ) ഹദ്റത്ത് അലിയെ യമനിലേക്ക് നിയോഗിച്ചു. ഹദ്റത്ത് അലി, യമൻ നിവാസികൾക്ക് തിരുനബി(സ)ന്റെ കത്ത് വായിച്ചു കേൾപ്പിച്ചു. തുടർന്ന് ഹമദാൻ വാസികൾ എല്ലാം ഇസ്ലാം സ്വീകരിച്ചു.

തിരുനബി(സ) ഹദ്റത്ത് അലിയെ യമനിലേക്ക് ഖാളിയായി അയച്ചു. അവിടുന്ന്പറഞ്ഞു: തീർച്ചയായും അല്ലാഹു നിന്റെ ഹൃദയത്തിന് ശരിയായ മാർഗ നിർദ്ദേശം നൽകുകയും നിന്റെ നാവിന് സ്ഥൈര്യം നൽകുകയും ചെയ്യുന്നതാണ്. നിന്റെ മുന്നിൽ വഴക്കുമായി രണ്ടുപേർ വന്നാൽ, ആദ്യത്തെ ആളെ സശ്രദ്ധം ശ്രവിച്ച പോലെ രണ്ടാമത്തെ ആളെയും കേൾക്കാതെ നീ തീരുമാനം കല്പിക്കരുത്. ഇങ്ങനെ ചെയ്യുന്നത് തീരുമാനം വ്യക്തമാക്കാൻ നിനക്ക് നല്ലതായിരിക്കും. ഹദ്റത്ത് അലി, പറയുന്നു: ഇതിനുശേഷം എനിക്ക് തീരുമാനമെടുക്കുന്നതിൽ ഒരിക്കലും സംശയം ഉണ്ടായിട്ടില്ല.

ഒരു നിവേദനത്തിൽ, അവിടുന്ന് പറഞ്ഞു: അലിയെ ബുദ്ധിമുട്ടിച്ചവൻ എന്നെയും ബുദ്ധിമുട്ടിച്ചവനാകുന്നു. അവിടുന്ന് പറഞ്ഞു: ജനങ്ങളേ! നിങ്ങൾ അലിയെ പറ്റി പരാതി പറയരുത്. അല്ലാഹുവാണേ! അദ്ദേഹം അല്ലാഹുവിന്റെ അസ്തിത്വത്തെ ഏറെ ഭയപ്പെടുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഞാൻ ദുആയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച, അൽജീരിയയെ പറ്റി പരാമർശിച്ചിരുന്നില്ല. അവിടേയും അഹ്മദികൾക്ക് വളരെ പ്രയാസകരമായ അവസ്ഥയാണ്. ചിലരെ ബന്ധനസ്ഥരാക്കിയിട്ടുണ്ട്. അല്ലാഹു അവിടെ അവസ്ഥകൾ എളുപ്പമാക്കുകയും ബന്ധനസ്ഥർക്ക് ഉടനെ മോചനം കിട്ടുകയും ചെയ്യുമാറാകട്ടെ. അവിടെ അവസ്ഥകൾ ദുഷ്കരമാണ്. സർക്കാറിന് നീതിയോടെ പ്രവർത്തിച്ച് അഹ്മദികൾക്ക് അനുകൂലമായി തീരുമാനമെടുക്കാൻ കഴിയുകയും ചെയ്യട്ടെ എന്ന് ദുആ ചെയ്യുക. അതുപോലെ പാക്കിസ്ഥാനിലെ അവസ്ഥകളും കഠിനമായിക്കൊണ്ടിരിക്കുന്നു. ഞാൻ പറഞ്ഞിരുന്നതു പോലെ അവിടെ ചില ഉദ്യോഗസ്ഥന്മാർ വ്യക്തിപരമായും ഈ അവസ്ഥയിലാണ്. അല്ലാഹു ഈ മൗലവിമാർക്കും ഉദ്യോഗസ്ഥന്മാർക്കും ബുദ്ധി കൊടുക്കാതെ അത് ഉണ്ടാകുന്നതല്ല. അവർ ഇങ്ങനെ ചെയ്യണമെന്നും അല്ലാഹു പിടികൂടണമെന്നുമാണ് അവരുടെവിധിയെങ്കിൽ എത്രയും വേഗം അവരെ പിടികൂടാൻ അല്ലാഹു സാഹചര്യം ഒരുക്കുകയും അഹ്മദികൾക്ക് എളുപ്പമുണ്ടാക്കുകയും ചെയ്യുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ്, പാകിസ്ഥാനിലെ റഷീദ് അഹ്മദ് സാഹിബ്, മർഹൂമിനെ അനുസ്മരിക്കുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 11.12.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516